(ബി) ഇപ്പോൾ പച്ചക്കറി ഉൽപ്പാദനം എത്രയാണ്;

(സി) 1999-2000-ൽ സംസ്ഥാനത്ത് എന്തു വിലയ്ക്കുള്ള പച്ചക്കറി ഉൽപ്പാദിപ്പിച്ചു;

(ഡി) എത്ര കർഷകർ ചേർന്നാണ് ഇത്രയും പച്ചക്കറി ഉൽപ്പാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5.78 ലക്ഷം ടൺ

(ബി) 1997 നവംബറിൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി ആരംഭിച്ചതിനുശേഷം 9.54 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുകയുണ്ടായി.

(സി) 900 കോടി രൂപയുടെ പച്ചക്കറി ഉൽപ്പാദിപ്പിച്ചു.

(ഡി) ഒരു ലക്ഷത്തിൽപ്പരം കർഷകർ ചേർന്നാണ് ഇത്രയും പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചത്.

പഞ്ചായത്ത് തലത്തിൽ ഏറ്റവും മികച്ച കർഷകന് പ്രോത്സാഹനം

81 (1080) ശ്രീ. എം. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തലത്തിൽ ഏറ്റവും മികച്ച കർഷകന് പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കാൻ ഒരു നിശ്ചിത ഫണ്ട് ബ്ലോക്കുതലത്തിൽ ബന്ധപ്പെട്ട കൃഷി വികസന ഓഫീസറെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർഷക ദിനാചരണത്തിന്റെ ഭാഗമായി ചിങ്ങം ഒന്നിന് സംസ്ഥാനത്തിലെ എല്ലാ കൃഷി ഭവനുകളിലും പ്രമുഖകർഷകരെ ആദരിക്കാറുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

റെയ്ഡ്കോയുടെ ഉല്പന്നങ്ങളുടെ വില്പന

82 (1081) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റെയ്ഡ്കോ എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന ആഗ്രോമെഷിനറി സാധനങ്ങൾ കൃഷിവകുപ്പ് മുഖേന വിൽപ്പന നടത്തുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly